സഹായങ്ങളും ആനുകൂല്യങ്ങളും കെ.ടി.ഡി.സി.-ക്ക് ലഭ്യമാക്കിക്കൊടുത്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ സംസ്ഥാന ടൂറിസം വകുപ്പ് നിർമ്മിച്ച യാത്രീ നിവാസുകൾ, വഴിയോര വിശ്രമ കേന്ദ്രങ്ങൾ, കായലോര വിനോദ-വിശ്രമ കേന്ദ്രങ്ങൾ തുടങ്ങിയ പല സ്ഥാപനങ്ങളും നടത്തുന്നതിനുള്ള ചുമതല കെ. ടി. ഡി. സി. യെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ബി) മൂന്നാർ ഹിൽ റിസോർട്ട്, കുമരകം ടൂറിസ്റ്റ് വില്ലേജ്, ബോൾഗാട്ടി പാലസ് നവീകരണം, മസ്ക്കറ്റ് ഹോട്ടൽ ആപ്ഗ്രഡേഷൻ, ഹെഡ് ഓഫീസ് കെട്ടിട നിർമ്മാണം, ചെന്നൈയിലെ ഗസ്റ്റ് ഹൗസ്/ഹോട്ടൽ പ്രോജക്റ്റ്, ബേക്കൽ റിസോർട്ട് ഡവലപ്മെന്റ്, ഹൗസ്ബോട്ടുകളും കാരവാനുകളും നിർമ്മിക്കൽ, യൂണിറ്റുകളിലെ അക്കൗണ്ടിംഗ് സംവിധാനം കംപ്യൂട്ടർവൽക്കരിക്കൽ തുടങ്ങിയവയാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്ക്കരിച്ചിട്ടുള്ള പുതിയ പരിപാടികൾ.

(സി) (ബി) വിഭാഗത്തിന്റെ ഉത്തരമായി പറഞ്ഞിട്ടുള്ള പരിപാടികൾക്ക് പുറമേ ചങ്ങനാശ്ശേരി, ആതിരപ്പള്ളി, ആറൻമുള, എന്നിവിടങ്ങളിൽ ടൂറിസം വകുപ്പ് നിർമ്മിച്ച മോട്ടലുകളും പീരുമേട്ടിലും മലയാറ്റൂരിലും നിർമ്മിച്ച യാത്രീ നിവാസ്സുകളും കെ. ടി. ഡി. സി. ഏറ്റെടുത്തു നടത്തുന്നതാണ്.

(ഡി) നടപ്പു സാമ്പത്തിക വർഷം 6 കോടി രൂപ നൽകിയിട്ടുണ്ട്.

(ഇ) 15 ഹോട്ടലുകൾ, 4 യാത്രീ നിവാസുകൾ, 14 മോട്ടലുകൾ

(എഫ്) കെ. ടി. ഡി. സി. യൂണിറ്റുകളിലെ സേവനം മെച്ചപ്പെട്ടതാണെന്ന് വസ്തുത പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ടൂ സ്റ്റാർ കാറ്റഗറി ഹോട്ടലിനുള്ള കഴിഞ്ഞ വർഷത്തെ അവാർഡ് തന്നെയും കെ.ടി.ഡി.സി.-യുടെ യൂണിറ്റായ കോവളത്തെ ഹോട്ടൽ സമുദ്രയ്ക്കാണ് ലഭിച്ചത്.

ധീരതക്കുള്ള അവാർഡുകൾ പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ

10(*599) ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ധീരതയ്ക്കുള്ള അവാർഡുകൾ പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) ധീരതയ്ക്കുള്ള അവാർഡുകൾ നൽകുന്നതിന് അർഹതപ്പെട്ട വ്യക്തികളെയും സംഭവങ്ങളെയും തെരഞ്ഞെടുക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് ധീരതയ്ക്കുള്ള അവാർഡിന് അർഹതപ്പെട്ട വ്യക്തികളെയും സംഭവങ്ങളെയും തെരഞ്ഞെടുക്കുന്നതിന് ചുമതലപ്പെട്ട വകുപ്പുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് ധീരതയ്ക്കുള്ള അവാർഡുകൾ ലഭിക്കാൻ അർഹതപ്പെട്ട പല സംഭവങ്ങളും ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടാതെ പോവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും പുതിയ നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്ത് ഓരോ നിയമസഭാ മണ്ഡലത്തിലും നിയമസഭാംഗങ്ങളുടെ മേൽനോട്ടത്തിൽ ധീരതയ്ക്കുള്ള അവാർഡിന് അർഹതപ്പെട്ട സംഭവങ്ങളെയും വ്യക്തികളെയും തെരഞ്ഞെടുക്കുന്നതിനുള്ള സമിതികൾക്ക് രൂപം നൽകുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ധീരതയ്ക്കുള്ള മിക്ക അവാർഡുകളും കേന്ദ്രസർക്കാരാണ് പ്രഖ്യാപിക്കുന്നത്. പ്രസ്തുത അവാർഡ് ജേതാക്കൾക്ക് ക്യാഷ് അവാർഡുകൾ വാർഷിക അലവൻസ് എന്നിവ സംസ്ഥാന സർക്കാർ നൽകിവരുന്നുണ്ട്. അവാർഡുകൾ പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അടങ്ങുന്ന രേഖകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി & സി) അവാർഡുകൾ നല്കുന്നതിന് അർഹതപ്പെട്ട വ്യക്തികളെ തെരഞ്ഞെടുക്കുന്നത് കേന്ദ്രസർക്കാരാണ്. എന്നാൽ ജീവൻരക്ഷാ പതക് അവാർഡുകൾക്കുള്ള ശുപാർശകൾ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് അയയ്ക്കാറുണ്ട്. സ്വജീവൻ അപകടപ്പെടുത്തി മറ്റുള്ളവരുടെ ജീവൻ രക്ഷിക്കുന്നവരുടെ മനുഷ്യത്വപരവും ജീവകാരുണ്യപരവുമായ പ്രവർത്തനത്തെ മുൻനിർത്തി കേന്ദ്രഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. പ്രസ്തുത അവാർഡിനർഹമാകുന്ന പ്രവൃത്തി ചെയ്യുന്നവരെപ്പറ്റി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ ഉപദേശവും ശുപാർശയും കണക്കിലെടുത്ത് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പ് മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെയാണ് കേന്ദ്രസർക്കാരിന് ശുപാർശ നൽകാറുള്ളത്. പ്രസ്തുത ശുപാർശ പരിശോധിച്ച് ജീവൻ രക്ഷാപതക് അവാർഡ് നൽകുകയാണ് ചെയ്യുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ എല്ലാ ശുപാർശകളും കേന്ദ്രസർക്കാർ അംഗീകരിക്കാറില്ല

(ഇ & എഫ്) ഇപ്പോഴുള്ള സംവിധാനങ്ങൾ പര്യാപ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly